ഉത്തരം

(എ) സംസ്ഥാനത്ത് ഇതുവരെയായി ഏകദേശം 20 ലക്ഷത്തോളം പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ ലഭിച്ചിട്ടുണ്ട്. ഓരോ അംഗത്തിന്റെയും വരുമാനവും, കുടുംബത്തിന്റെ മൊത്തം വരുമാനവും കാർഡിൽ ഉൾപ്പെടുത്തുന്നുണ്ട്. നടപടികൾ പൂർത്തിയായാൽ മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എത്രയെന്ന് അറിയുവാൻ കഴിയൂ.

(ബി) ഉറപ്പുവരുത്തുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) റവന്യൂ കാർഡിലെ ഉൾക്കുറിപ്പുകളിൽ മാറ്റം വരുത്തുന്നതിനായി റവന്യൂകാർഡ് ചട്ടം '8' പ്രകാരം വിശദവിവരങ്ങൾ കാണിച്ച് തഹസിൽദാർക്ക് അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൻമേൽ 30 ദിവസത്തിനകം തഹസിൽദാർ തീർപ്പു കൽപ്പിക്കേണ്ടതുമാണ്.

57 (581) റവന്യൂകാർഡിലെ വസ്തുസംബന്ധമായ കാര്യങ്ങളുടെ തെളിവ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. കെ. അച്ചുതൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂകാർഡിൽ വസ്തുസംബന്ധമായി നൽകുന്ന വിവരങ്ങൾക്ക് ഉദ്യോഗസ്ഥൻമാർ തെളിവ് ആവശ്യപ്പെടുന്നതുമൂലം അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോക്കുവരവുചെയ്യാതെ പട്ടയത്തിൽ പേരുമാറ്റാതിരിക്കുന്ന സംഗതികളിൽ പട്ടയക്കാരുടെ വിവരം നൽകുന്നതിൽ ബുദ്ധിമുട്ടു നേരിടുന്നതിന് പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അപേക്ഷകന് മറ്റു ജില്ലകളിലും ഭാഗപത്രപ്രകാരം കിട്ടിയ വസ്തുവിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപേക്ഷകളിൽ രേഖപ്പെടുത്തുന്ന വസ്തുക്കളെ സംബന്ധിച്ച് മതിയായ രേഖകൾ പരിശോധിച്ച് അവകാശത്തിന്റെ സ്വഭാവം നിർണ്ണയിക്കേണ്ടതുണ്ട്. എന്നാൽ തെളിവ് ആവശ്യപ്പെടുന്നതുമൂലം ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സാഹചര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly